# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2939 19.06.2014-ൽ മറുപടിക്ക്**

**കെ.എസ്.റ്റി.പി.രണ്ടാം ഘട്ട പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, എം.എ. വാഹീദ്<br>,, പി.സി. വിഷ്ണുനാഥ് | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കെ.എസ്.റ്റി.പി രണ്ടാംഘട്ട പദ്ധതി ആരംഭിച്ചിട്ടുണ്ടോ ;വിശദമാക്കുമോ ;<br>(ബി) ഇതിന്റെ അടങ്കൽ തുക എത്രയാണെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;<br>(സി) എത്ര കിലോമീറ്റർ റോഡിന്റെ നിർമ്മാണവും പുനഃരുദ്ധാരണവുമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) & (ബി) & (സി) ആരംഭിച്ചിട്ടുണ്ട്. 2403 കോടി രൂപയാണ് ഈ പദ്ധതിയുടെ അടങ്കൽ തുക. ഈ പദ്ധതിയിൽ ആകെ 363 കി.മീ ദൈർഘ്യത്തിൽ 6 പ്രധാന റോഡുകൾ വികസിപ്പിക്കുന്നതിനും, കഴക്കൂട്ടം മുതൽ ചെങ്ങന്നൂർ വരെയുള്ള 80 കി.മീ റോഡ് മാതൃകാ സുരക്ഷാ പാതയായി വികസിപ്പിക്കുന്നതിനും പൊതുമരാമത്ത് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിനും വിഭാവനം ചെയ്തിരിക്കുന്നു. |
| (ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) കെ.എസ്.ടി.പി.രണ്ടാം ഘട്ട പദ്ധതിയിൽ ഉൾപ്പെട്ട കാസർകോട്-കാഞ്ഞങ്ങാട്, പിലാത്തറ-പാപ്പിനിശ്ശേരി, തലശ്ശേരി-വളവുപാറ, ഏറ്റുമാനൂർ-മൂവാറ്റുപുഴ, പൊൻകുന്നം-തൊടുപുഴ, എന്നീ റോഡുകളുടെ നിർമ്മാണ പ്രവൃത്തി വിവിധ |

ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. തിരുവല്ല ബൈപാസിന്റെ നിർമ്മാണം നാഷണൽ ഗ്രീൻ ട്രൈബ്യൂണലിന്റെ സ്റ്റേ ഓർഡർ പിൻവലിക്കുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്. ചെങ്ങന്നൂർ-ഏറ്റുമാനൂർ ഭാഗത്തിന്റെ ടെണ്ടർ 27.06.2014 നാണ്. പുനലൂർ-തൊടുപുഴ റോഡ് PPP Annuity മോഡിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. പെരുമ്പിലാവ് - പെരിന്തൽമണ്ണ റോഡിന്റെ അലൈൻമെന്റ് അംഗീകരിച്ച് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കഴക്കൂട്ടം -തൈക്കോട്-അടൂർ റോഡ് സേഫ് കോറിഡോറിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ